

# വെള്ളാഞ്ചിറ ഫാത്തിമമാത ഇടവക

ആദ്യകാലങ്ങളിൽ ചാലക്കുടി ഫൊറോനാ പള്ളി ഇടവകയിൽ ഉൾപ്പെട്ടിരുന്നു, വെള്ളാഞ്ചിറയിലെ ക്രിസ്ത്യാനികൾ. വി. കുർബാനയ്ക്കും കൗദാശിക ശുശ്രൂഷകൾക്കും മൃതദേഹ സംസ്കാരം തുടങ്ങിയ വിവിധ ആദ്ധ്യാത്മികാവശ്യങ്ങൾക്കും ചാലക്കുടി ഫൊറോനാപ്പള്ളിയിൽ പോകുക ക്ലേശകരമായിരുന്നു. 1947-48 കാലഘട്ടത്തിൽ 82 കത്തോലിക്കാ കുടുംബങ്ങൾ മാത്രം ഉണ്ടായിരുന്ന ഈ പ്രദേശത്ത് ഒരു ദേവാലയം പണിയുന്നതിന് ശ്രമം ആരംഭിച്ചത് ചാലക്കുടി ഫൊറോനാപ്പള്ളി വികാരിയായിരുന്ന പെ. ബഹു. ജെയിംസ് (ജേക്കബ്) വടക്കൂട്ട് അച്ചന്റെ പരിശ്രമത്തിലാണ്.

## പള്ളി

പെ. ബഹു. ജെയിംസ് വടക്കൂട്ട് അച്ചന്റെ നേതൃത്വത്തിൽ നടത്തിയ നിവേദനത്തിന്റെ ഫലമായി തൃശ്ശൂർ ജില്ലാ കളക്ടറുടെ എം 211174/24 dt. 21.4.1950 നടപടിപ്രകാരം ഇവിടെ ഒരു സിമിത്തേരി പണിയുന്നതിന് അനുവാദം ലഭിച്ചു. തൃശ്ശൂർ രൂപതാ വികാരി ജനറാളും അഡ്മിനിസ്ട്രേറ്ററുമായിരുന്ന എ. പെ. ബഹു. മോൺ. ആന്റണി പുതുശ്ശേരിയച്ചന്റെ 551/50 dt. 2.6.1950 കല്പനപ്രകാരം പള്ളിയും സിമിത്തേരിയും പണിയുന്നതിന് അനുവാദം ലഭിച്ചു. പണി പൂർത്തിയാക്കിയ ഫാത്തിമമാതാ പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം 1953 ഒക്ടോബർ 13-ന് നിർവ്വഹിക്കപ്പെട്ടു. തുടർന്ന് ചാലക്കുടി ഫൊറോനാപ്പള്ളിയുടെ കീഴിലുള്ള കുരിശുപള്ളിയായി. ചാലക്കുടിയിൽ നിന്ന് ഞായറാഴ്ചകളിൽ വന്ന് വി. കുർബാനയർപ്പിച്ചിരുന്നു. ഒക്ടോബർ മാസത്തിലാണ് ഇടവക മദ്ധ്യസ്ഥയായ പരി. ഫാത്തിമ മാതാവിന്റെ തിരുന്നാൾ ആഘോഷിക്കുന്നത്.

## ഇടവക

പിന്നീട് പെ. ബഹു. ജെയിംസ് വടക്കൂട്ട് അച്ചൻ ആളൂർ പള്ളിയിൽ വികാരിയായിരുന്ന കാലത്ത് അദ്ദേഹമാണ് വെള്ളാഞ്ചിറ പള്ളി നടത്തിയിരുന്നത്. അഭിവന്ദ്യ തൃശ്ശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ടിന്റെ കല്പന നമ്പർ DL 23/65

dt. 31.12.1965 പ്രകാരം 1966 ജനുവരി 26 മുതൽ വെള്ളാഞ്ചിറ ഒരു സ്വതന്ത്ര ഇടവകയായിത്തീർന്നു. പ്രഥമ വികാരിയായി നിയമിതനായത് വെള്ളാഞ്ചിറ പള്ളിയുടെ സ്ഥാപകനും ആളൂർ പള്ളി വികാരിയുമായിരുന്ന പെ. ബഹു. ജെയിംസ് വടക്കൂട്ട് അച്ചനായിരുന്നു. പള്ളിയോട് ചേർന്ന് ക്രമേണ വൈദികമന്ദിരം പണിയുകയുണ്ടായി. പിന്നീട് വെള്ളാഞ്ചിറ പള്ളിയിൽ സ്ഥിരം വികാരി നിയമിതനാകുന്നതുവരെ കുറച്ചു കാലം ആളൂർ പള്ളിയുടെ നടത്തുപള്ളിയായിരുന്നു. ഇടവകയായതിനുശേഷം ഞായറാഴ്ചകൾക്കു പുറമെ ചില ഇടദിവസങ്ങളിലും കുർബാനയ്ക്ക് സൗകര്യം ലഭിച്ചു.

## സ്ഥിരവാസമുള്ള വികാരി

1971 ജൂലൈ മാസത്തിൽ റവ. ഫാ. മാത്യു കണ്ണൂക്കാടനാണ് ആദ്യത്തെ സ്ഥിരവാസമുള്ള വികാരിയായി നിയമിതനായത്. സ്ഥിരം വികാരിയുടെ സാന്നിധ്യവും സമീപനവും വിവിധ ഭക്തസംഘടനകൾ രൂപംകൊള്ളാനും കർമ്മനിരതമാക്കാനും വഴിതെളിച്ചു. ഇവിടത്തെ ബഹു. വികാരിയച്ചന്മാരാണ് തുരുത്തിപ്പറമ്പ് പള്ളിയിൽ സ്ഥിരം വികാരി നിയമിതനാകുന്നതുവരെ ശുശ്രൂഷ നടത്തിയിരുന്നത്.



ഫാത്തിമമാതാ എൽ.പി. സ്ക്കൂൾ

## സ്ക്കൂൾ

അവികസിതമായിരുന്ന ഈ പ്രദേശത്ത് പ്രൈമറി വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നിരുന്നു. 1976-ൽ ബഹു. ജോർജ്ജ് ചേലപ്പാടനച്ചന്റെ നേതൃത്വത്തിൽ പരിശ്രമിച്ചതിന്റെ ഫലമായി പള്ളിയുടെ മാനേജ്മെന്റിൽ അന്നത്തെ തൃശ്ശൂർ രൂപതാ വിദ്യാഭ്യാസ കോർപ്പൊറെയ്റ്റ് ഏജൻസിയുടെ കീഴിൽ എൽ.പി. സ്ക്കൂൾ അനുവദിച്ചു കിട്ടി.

## കോൺവെന്റ്

1998-ൽ ബഹു. പോൾ മംഗലൻ അച്ചൻ വികാരിയായിരുന്ന അവസരത്തിലാണ് ഡോട്ടേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനീസമൂഹത്തിന്റെ ഒരു ഭവനം സെന്റ് കാതറിൻ Laboure ഹൗസ് എന്ന പേരിൽ ഈ ഇടവകയിൽ സ്ഥാപിതമായത്. ക്രമേണ സെന്റ് കാതറിൻ ഇംഗ്ലീഷ് മീഡിയം സ്ക്കൂളും ആരംഭിച്ചു. ഇടവകയിലെ വിവിധ മേഖലകളിൽ ബഹു. സിസ്റ്റേഴ്സ് വിശിഷ്ടസേവനം അനുഷ്ഠിച്ചുപോരുന്നു.



കാതറിൻ ലബോറെ കോൺവെന്റ്



സെന്റ് കാതറിൻ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ

## കപ്പേളകൾ

ഇടവകയുടെ വടക്ക്-തെക്ക് അതിർത്തികളിൽ വി. യൗസേപ്പ് പിതാവിന്റെയും വി. അന്തോണീസിന്റെയും നാമത്തിൽ ഓരോ കപ്പേള സ്ഥിതിചെയ്യുന്നു. മാസത്തിൽ യഥാക്രമം ആദ്യ ചൊവ്വാഴ്ചയും ബുധനാഴ്ചയും പ്രസ്തുത കപ്പേളകളിൽ നൊവേന, ലദീഞ്ഞ് എന്നീ തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നു. ഈയിടെ നിർമ്മിച്ച



സെന്റ് ആന്റണീസ് കപ്പേള
(തെക്കുഭാഗം)



സെന്റ് ജോസഫ്സ് കപ്പേള
(വടക്കുഭാഗം)



ഗ്രോട്ടോ


ഗ്രോട്ടോ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 2009 ഒക്ടോബർ 14-ന് വെഞ്ചിരിച്ചു.

## പുതിയ പള്ളി, വൈദികമന്ദിരം

സ്ഥലപരിമിതിയും കാലപ്പഴക്കവും നിമിത്തം പുതിയ പള്ളിയും, വൈദികമന്ദിരവും പണിയേണ്ടത് ആവശ്യമായി വന്നു. ബഹു. വികാരി ഡേവീസ് അമ്പൂക്കനച്ചന്റെ നേതൃത്വത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അംഗീകാരം നേടുകയും ധനസമാഹരണം തുടങ്ങുകയും ചെയ്തു. 2001 ആഗസ്റ്റ് 15-ന് പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഇടവകജനങ്ങളും അഭ്യുദയകാംക്ഷികളും വികാരിയച്ചന്റെ നേതൃത്വത്തിൽ ഒത്തൊരുമയോടെ പ്രവർത്തിച്ചതിന്റെ ഫലമായി പരി. അമ്മയുടെ പ്രത്യേക മദ്ധ്യസ്ഥതയിൽ പണിതീർത്ത മനോഹരമായ ദേവാലയം 2003 ഏപ്രിൽ 24-ന് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ വെഞ്ചിരിച്ച് പ്രതിഷ്ഠിച്ചു. അതോടൊപ്പം വൈദികമന്ദിരവും ആശീർവദിച്ചു.

## സ്റ്റേജ്, സിമിത്തേരി നവീകരണം

പള്ളിയുടെ സ്ഥാപകനായ പെ. ബഹു. വടക്കൂട്ടച്ചന്റെ സ്മരണയ്ക്കായി ഒരു സ്റ്റേജ് നിർമ്മിക്കുന്നതിനും അതോടൊപ്പം ജീർണ്ണാവസ്ഥയിലായ സിമിത്തേരി നവീകരിക്കുന്നതിനും മുമ്പ് തീരുമാനിച്ചിരുന്നെങ്കിലും പണികൾ ആരംഭിച്ചതും പൂർത്തിയാക്കിയതും ബഹു. ജോൺ പോൾ മാള്യേക്കലച്ചന്റെ നേതൃത്വത്തിലാണ്. സ്റ്റേജിന്റെയും പുതുക്കിയ സിമിത്തേരിയുടെയും വെഞ്ചിരിപ്പുകർമ്മം 2008 ജനുവരി 26-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഇടയസന്ദർശനത്തോടും ഇടവക ദിനത്തോടും അനുബന്ധിച്ച് സാഘോഷം നടത്തി.



പുരാതന ദേവാലയം

## കുടുംബസമ്മേളനം, പാരിഷ് ബുള്ളറ്റിൻ

8 കുടുംബയൂണിറ്റുകൾ ഉള്ള ഈ ഇടവക ഏറെ സജീവമാണ്. കുടുംബസമ്മേളന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ സാധുജനഫണ്ട് രൂപീകരിക്കുകയും അർഹരായവരെ സഹായിക്കുകയും ചെയ്യുന്നു. “സ്നേഹദൂത്” എന്ന പാരിഷ് ബുള്ളറ്റിൻ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു.

ഇടവക മദ്ധ്യസ്ഥയായ പരി. ഫാത്തിമ മാതാവിന്റെയും, വി. യൂദാ തദേവൂസിന്റെയും തിരുന്നാളുകൾ ഒക്ടോബർ മാസത്തിലെ അവസാന ശനി, ഞായർ ദിവസങ്ങളിൽ ഊട്ടുതിരുന്നാളുകളായിട്ടാണ് കൊണ്ടാടുന്നത്. വി. സെബസ്ത്യാനോസിന്റെ തിരുനാളാഘോഷം ഈസ്റ്റർ കഴിഞ്ഞുവരുന്ന ശനി, ഞായർ ദിവസങ്ങളിലും നടത്തുന്നു.

2007 ജനുവരി മുതൽ ഇവിടെ വികാരിയായി ശുശ്രൂഷ ചെയ്ത ബഹു. ജോൺ പോൾ മാള്യേക്കൽ അച്ചൻ 2008 സെപ്തംബർ 29-ാം തിയ്യതി തിങ്കളാഴ്ച രാവിലെ ഇവിടെ വി. കുർബാനയർപ്പിച്ചുകൊണ്ടിരുന്ന വേളയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.